# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3638. 23.06.2014 ൽ മറുപടിയ്ക്ക്.

<u>മൂന്നാർ ഉടുമലൈ റൂട്ടിൽ നിബന്ധനകൾ പാലിക്കാതെയുള്ള സ്വകാര്യ ബസ് സർവ്വീസ്</u>

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മൂന്നാർ - ഉടുമലൈ റൂട്ടിൽ അന്തർസംസ്ഥാന ബസ് സർവ്വീസ് നടത്തുന്ന സരസ്വതി ബസിൽ യാത്രക്കാരോട് അമിതനിരക്ക് വാങ്ങുന്നതും, നിശ്ചയിച്ചിട്ടുള്ള ഫെയർ സ്റ്റേജിനു പകരം അടുത്ത ഫെയർ സ്റ്റേജ് വാങ്ങുകയും ആദിവാസി വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികളെ ബസിൽ കയറ്റാതെ വരികയും ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ; | (എ) | അമിത യാത്രാകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18.05.2013-ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 5,6 എന്നീ ഐറ്റം നമ്പരുകളിലെ തീരുമാന പ്രകാരം പ്രസ്തുത ബസ്സുകളുടെ (TN.78 W.999, TN. 78 V.999) പെർമിറ്റ് 10 ദിവസത്തേയ്ക്ക് സസ്പെന്റ് ചെയ്യുകയും ചെയ്തു. ഈ വാഹനങ്ങൾ 11.12.2013 മുതൽ 21.12.2013 വരെ സർവ്വീസ് നടത്തിയിട്ടില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുകയുണ്ടായി. ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ബസ്സിൽ കയറ്റുന്നില്ല എന്നുള്ള പരാതി ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | ചില ദിവസങ്ങളിൽ മാത്രം രണ്ട് സർവ്വീസും അല്ലാത്തപ്പോൾ ഒരു സർവ്വീസും നടത്തുന്ന സരസ്വതി ബസിന്റെ റൂട്ട് പെർമിറ്റ് പരിശോധിച്ച് പകരം ആ സമയത്ത് കെ.എസ്.ആർ.ടി.സി. - ബസ് അനുവദിച്ച് നൽകാമോ ; | (ബി) | സർവ്വീസ് നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം കാര്യം പരിശോധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സത്വര നടപടി സ്വീകരിയ്ക്കുന്നതാണ്. |
| (സി) | സരസ്വതി ബസിൽ ആദിവാസി വിദ്യാർത്ഥികൾക്ക് കൺസഷൻ നിരസിക്കുന്നത് ആവർത്തിക്കുന്നപക്ഷം ഈ ബസിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നത് പരിഗണിക്കുമോ ? | (സി) | ആദിവാസി വിദ്യാർത്ഥികൾക്ക് കൺസഷൻ നിരസിയ്ക്കുന്നു എന്ന പരാതി ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ പരിശോധന നടത്തി നിയമപ്രകാരമുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.